മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസ ആനുകൂല്യം നൽകുന്നതിലെ കുടിശ്ശിക

29 [5405] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസ ആനുകൂല്യം നൽകുന്നതിൽ എത്ര ലക്ഷം രൂപയുടെ കുടിശ്ശികയുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) കുടിശ്ശിക കൊടുത്തു തീർക്കാൻ ഗവൺമെന്റ് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) ഉദ്ദേശം 450 ലക്ഷം രൂപ.

(ബി) ഉണ്ട്.

(സി) ഈ വർഷത്തെ ബഡ്ജറ്റിൽ 250 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതു കൂടാതെ 200 ലക്ഷം രൂപകൂടി അഡീഷണൽ ആതറൈസേഷനായി അനുവദിച്ചു നൽകുകയും പ്രസ്തുത തുക മത്സ്യത്തൊഴിലാളി കുട്ടികൾക്ക് വിതരണം ചെയ്യുന്നതിനായി ജില്ലാ ആഫീസുകൾക്ക് അനുവദിച്ചു നൽകുകയും ചെയ്തിട്ടുണ്ട്.

മത്സ്യത്തൊഴിലാളികൾക്ക് വീട് വയ്ക്കുന്നതിനുള്ള പദ്ധതി

30 [5406] ശ്രീമതി രാധാരാഘവൻ:
ശ്രീ. ടി വി. ചന്ദ്രമോഹൻ:
,, ഡി. സുഗതൻ:
,, കെ. മുഹമ്മദാലി:
,, ലൂഡി ലൂയിസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ ഗവൺമെന്റിന്റെ കാലത്ത് മത്സ്യത്തൊഴിലാളികൾക്ക് വീട് വയ്ക്കുന്നതിനുള്ള പദ്ധതി പ്രകാരം ഗഡുക്കളായി തുക നൽകപ്പെട്ടവർക്ക് ഒട്ടാകെ എന്ത് കുടിശ്ശിക ബാക്കി നൽകാനുണ്ടായിരുന്നു;

(ബി) ഈ തുക മത്സ്യത്തൊഴിലാളികൾക്ക് നൽകിയോ;

(സി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഈയിനത്തിൽ ഇതുവരെ എന്തു തുക ചെലവഴിച്ചിട്ടുണ്ട്?

ഉത്തരം

(എ) 508.66 ലക്ഷം രൂപ ബാക്കി നൽകാനുണ്ടായിരുന്നു.

(ബി) 356.05 ലക്ഷം രൂപ വിതരണം ചെയ്യുകയുണ്ടായി.

(സി) 356.05 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly